**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 677**      **01.12.2015-ൽ മറുപടിയ്ക്ക്**

# പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന ധനസഹായം

**ചോദ്യം**
**ശ്രീ.കെ.അജിത്**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര പട്ടികവർഗ്ഗ കുടുംബങ്ങളാണ് വൈക്കം നിയോജകമണ്ഡല പരിധിയിലുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | വൈക്കം നിയോജക മണ്ഡല പരിധിയിൽ ഉള്ളാട വിഭാഗത്തിൽപ്പെട്ട 93 ഉം മലവേട വിഭാഗത്തിൽപ്പെട്ട 2 കുടുംബങ്ങളും ഉൾപ്പെടെ ആകെ 95 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. |
| ബി) | വൈക്കം നിയോജകമണ്ഡലത്തിലുള്ള ഭവനരഹിതരായ എട്ട് പട്ടികവർഗ്ഗ കുടുംബങ്ങളിൽ എത്ര കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ ഭവന നിർമ്മാണത്തിനായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈക്കം നിയോജക മണ്ഡല പരിധിയിൽ 30 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനും, 6 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിനും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ധനസഹായം നൽകിയിട്ടുണ്ട്. |
| സി) | സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീടു വയ്ക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്കായി 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ ചുരുങ്ങിയത് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ അധികരിക്കാതെയും ഉള്ള സ്ഥലം വാങ്ങി നൽകുന്നതിനായി 10 ലക്ഷം രൂപ വരെ അനുവദിയ്ക്കുന്നു. ഗുണഭോക്താക്കൾ അവരവർക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ ഫീൽഡ്തല പരിശോധനയിൽ ടി സ്ഥലം കൃഷി യോഗ്യവും, |

| | | | |
|---|---|---|---|
| | | | വാസയോഗ്യവും, റോഡ്, വെള്ളം, വഴി, വൈദ്യുതി എന്നീ സൗകര്യങ്ങൾ ഉള്ളതുമാണ് എന്നത് ഉറപ്പ് വരുത്തി സ്ഥലം ഉടമയിൽ നിന്നും സ്ഥലത്തെ സംബന്ധിച്ച രേഖകളും, (ആധാരം, മുന്നാധാരം, കരം അടച്ച രസീത്, ബാധ്യതാ സർട്ടിഫിക്കറ്റ്, തണ്ടപ്പേര് കണക്ക്, ലൊക്കേഷൻ/സൈറ്റ് മാപ്പ്, കൈവശാനുഭവ സർട്ടിഫിക്കറ്റ്) അപേക്ഷകനും ഭാര്യയ്ക്കും (ഭർത്താവിനും) സ്വന്തം പേരിലോ, പൈതൃകമായോ ഭൂമി ഇല്ല എന്നതിന്റെ ബന്ധപ്പെട്ട വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും ഊരുകൂട്ട വെരിഫിക്കേഷന്റെ അടിസ്ഥാനത്തിലും അപേക്ഷകൾ സ്വീകരിക്കുകയും, ആയതിന്മേൽ ഗവൺമെന്റ് പ്ലീഡറിൽ നിന്നുള്ള ലീഗൽ സ്ക്രൂട്ടിനി റിപ്പോർട്ട്, തഹസീൽദാറിൽ നിന്നുള്ള വില സംബന്ധിച്ച വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ശേഖരിച്ച് ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഉപരിതല കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായാണ് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നത്. ആയതിന് ശേഷം ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ